**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4175** | **18-07-2022 - ൽ മറുപടിയ്ക്ക്**

**നികുതി ചോർച്ച തടയുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ സാമ്പത്തിക വർഷം (2022-23) വ്യാപാരി-വ്യവസായികളുടെ വാർഷിക റിട്ടേൺ സമർപ്പിക്കലിനും പരിശോധനകളിലും സംസ്ഥാന സർക്കാർ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; | (എ) | നിലവിൽ രണ്ടു കോടിയിൽ അധികം വാർഷിക ടേണോവർ വരുന്ന ടാക്സ്പെയേഴ്സ് മാത്രമേ ജി എസ് ടി വാർഷിക റിട്ടേൺ (GSTR 9) നിർബന്ധമായും ഫയൽ ചെയ്യേണ്ടതുള്ളൂ. അതുകൂടാതെ അഞ്ചു കോടിയിലധികം ടേണോവർ വരുന്ന ടാക്സ്പെയേഴ്സിന് മാത്രമേ ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് (Form 9C) നിർബന്ധമുള്ളൂ. പഴയ നിയമങ്ങളിലുണ്ടായിരുന്ന അസ്സെസ്സ്മെന്റ് പോലെയുള്ള സമ്പ്രദായങ്ങൾ മാറ്റി ജി എസ് ടി നിയമത്തിനനുസൃതമായി കൂടുതൽ പ്രൊഫഷണൽ ആയ ഓഡിറ്റ് സംവിധാനങ്ങൾ കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനു വേണ്ടി വകുപ്പിന്റെ പുനഃസംഘടന നടപടികൾ പൂർത്തിയായി വരുന്നു. റിസ്ക് പ്രൊഫൈലിംഗ് അടിസ്ഥാനമാക്കി തിരഞ്ഞെടുക്കപ്പെട്ട നികുതിദായകരുടെ വാർഷിക റിട്ടേണുകളുടെയും സാമ്പത്തിക രേഖകളുടെയും ഓഡിറ്റ്, ഓഡിറ്റ് വിഭാഗം നടത്തും. വാർഷിക റിട്ടേണുകളുടെ അഭാവത്തിൽ, പ്രതിമാസ റിട്ടേണുകളുടെയും മറ്റ് സാമ്പത്തിക രേഖകളുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തപ്പെടും. |
| (ബി) | എങ്കിൽ ഇതിനായി സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ വരുത്തിയ മാറ്റങ്ങളും അതുവഴി നികുതി ചോർച്ച തടയുവാൻ സ്വീകരിച്ച വ്യവസ്ഥകളും വ്യക്തമാക്കുമോ; ആയത് ഏതുവിധത്തിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | **വിവരസാങ്കേതികത കൂടുതലായി ഉപയോഗപ്പെടുത്തി നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും അത് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജി എസ് ടി നിയമത്തിലെ മാറ്റങ്ങൾക്കനുസരിച്ച് തത്സമയം സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്യുന്നതിനും ഡാറ്റയുടെ ലഭ്യതയും കൃത്യതയും ഉറപ്പു വരുത്തുന്നതിനുമായി സംസ്ഥാന ജി.എസ്.ടി വകുപ്പ് മോഡൽ-2 ജി.എസ്.ടി.എൻ ബാക്ക് ഓഫീസ് സംവിധാനത്തിലേക്ക് മാറിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വാണിജ്യ** |

| | | | |
|---|---|---|---|
| | | | **വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും അത് അധിക നികുതി സമാഹരണത്തിനു വിനിയോഗിക്കുന്നതിനും അനാലിറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ട് മുഖേന സാധിക്കും. ഇത് കൂടാതെ ജി എസ് ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിനെ പുനഃ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു. ഇതിലൂടെ ഓഡിറ്റ്, ഇന്റലിജൻസ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി നികുതി ചോർച്ച തടയാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്** |
| (സി) | നിലവിൽ സംസ്ഥാനത്ത് ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്ന വ്യാപാരി-വ്യവസായികളുടെ എണ്ണം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (സി) | ജി എസ് ടി എൻ ന്റെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്തു 2022 ഏപ്രിൽ മാസത്തെ ജി എസ് ടി ആർ 3 ബി റിട്ടേൺ ഫയൽ ചെയ്യേണ്ടവരുടെ എണ്ണം 2,73,479 ആണ്. ഇതിൽ ഏകദേശം 85 ശതമാനത്തോളം പേർ നിലവിൽ റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ